**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല — ഏലപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഐ. അലിയ്ക്കെതിരായ അച്ചടക്ക നടപടി — ഔപചാരിക അന്വേഷണത്തിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2685/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 20.10.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.07.2008-ലെ ഇ 6(വിഇ 1/08/ഐഡികെ) 37813/2007 നമ്പർ കത്ത്

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.09.2008-ലെ സി2(വിസി15/08/ഐഡികെ) 20912/08 നമ്പർ കത്ത്
3. സർക്കാരിന്റെ 09.05.2012-ലെ 69781/ഇപിബി2/2007/തസ്വഭവ നമ്പർ കുറ്റപത്രം
4. സർക്കാരിന്റെ 25.04.2014-ലെ 69781/ഇപിബി2/2007/തസ്വഭവ നമ്പർ പുതുക്കിയ കുറ്റപത്രം
5. സർക്കാരിന്റെ 20.07.2016-ലെ 69781/ഇപിബി2/2007/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. ശ്രീ. ഐ. അലി സമർപ്പിച്ച 23.03.2016-ലെ പ്രതിവാദ പത്രിക
7. പഞ്ചായത്ത് ഡയറക്ടറുടെ 09.10.2017-ലെ ഡി8-30185/2008 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ 2007-08 കാലഘട്ടത്തിൽ 16 വാർഡുകളിലെ 32 കുഴൽക്കിണറുകൾ അടിയന്തിരമായി പുനരുദ്ധരിച്ച് കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കണമെന്ന് ജില്ലാകളക്ടർ നിർദ്ദേശിച്ചെന്ന് പറഞ്ഞ് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഐ. അലി പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം നടത്തുകയുണ്ടായി. തുടർന്ന് ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ നിർദ്ദേശാനുസരണം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ 2,85,365/- (രണ്ടു ലക്ഷത്തി എൺപത്തി അയ്യായിരത്തി മുന്നൂറ്റി അറുപത്തി അഞ്ച്) രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും ആയത് മുൻനിർത്തി വി.സി 15/08/ഐ ഡി കെ ആയി കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. തുടർന്ന് ശ്രീ. അലിക്കെതിരെ പരാമർശം (3), (4) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ച് വരവെ ടിയാൻ 30-11-2015-ൽ സേവനത്തിൽ നിന്ന് വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന് നൽകിയ കുറ്റപത്രം പിൻവലിക്കുകയും കെ.എസ്.ആർ ഭാഗം III , ചട്ടം 3 (എ) പ്രകാരമുള്ള

നടപടികൾ ആരംഭിക്കുകയും ചെയ്തു. അത് പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ വീതം അഞ്ച് വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് എതിർവാദപത്രികയിലെ വാദങ്ങൾ സംബന്ധിച്ച റിപ്പോർട്ടും പൊതുമരാമത്ത് വകുപ്പിലെ നിരക്കുകൾ തന്നെയാണോ പഞ്ചായത്ത് വകുപ്പും സ്വീകരിച്ചു വരുന്നത് എന്നത് സംബന്ധിച്ച വിശദീകരണവും നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു . ആയതിന് ചുവടെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

ശ്രീ. ഐ. അലി ഇടുക്കി ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരവും ബഹു. മനുഷ്യാവകാശകമ്മീഷന്റെ നിർദ്ദേശപ്രകാരവുമാണ് കുഴൽക്കിണർ നവീകരണപദ്ധതി ഏറ്റെടുത്തത് എന്ന വാദം സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കുവാൻ ടിയാന് സാധിച്ചിട്ടില്ല . കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 156(5) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവോട് കൂടി പദ്ധതി ഏറ്റെടുക്കുന്നതിനുള്ള രേഖാമൂലമുള്ള നിർദ്ദേശമോ അപ്രകാരമുള്ള തീരുമാനം തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത വകുപ്പ് 5 (ബി) പ്രകാരം അംഗീകാരം വാങ്ങിയത് സംബന്ധിച്ചോ ഉള്ള രേഖകൾ ഫയലിൽ നിന്ന് ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് പെറ്റി വർക്കിന്റെ പരമാവധി പരിധി 10,000/- (പതിനായിരം) രൂപ എന്നിരിക്കെ ക്വട്ടേഷൻ സ്വീകരിക്കാതെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെയും ഓരോ കിണറിനും 12000/-(പന്ത്രണ്ടായിരം) രൂപയോ അതിന് മുകളിലുള്ള തുകയോ വകയിരുത്തിയത് അഴിമതിയാണ്. ഉത്തമവിശ്വാസത്തോടെ ചെയ്യുന്ന പ്രവൃത്തിക്ക് സംരക്ഷണമുണ്ടെന്ന ചട്ടം 250 പ്രകാരമുള്ള ഇളവ് ഈ കേസിൽ ഒരു സാഹചര്യത്തിലും മുഖവിലക്കെടുക്കാവുന്നതല്ല. വളരെ അടിയന്തിര സാഹചര്യം അതായത് വെള്ളപ്പൊക്കം ഭൂമികുലുക്കം മുതലായ അപ്രതീക്ഷിതമായ പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് തനത് ഫണ്ടിൽ നിന്നു പരമാവധി 10,000/-(പതിനായിരം) രൂപ ടെണ്ടർ, ക്വട്ടേഷൻ ഗുണഭോക്തൃ സമിതി എന്നിവ കൂടാതെ ചെലവാക്കാമെന്ന് ചട്ടം അനുശാസിക്കുന്ന അസാധാരണ ചെലവുകളുടെ ഗണത്തിൽ യാതൊരു നിയമാനുസൃത നടപടികളുടെയും പിൻബലമില്ലാതെ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചത് ന്യായീകരിക്കാവുന്നതല്ല. ഇത്രയും വലിയ തുക അടങ്കൽ വരുന്ന പദ്ധതി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഏറ്റെടുത്തത് ധനലാഭം മുന്നിൽ കണ്ടു കൊണ്ടാണ്. കുഴൽക്കിണർ നവീകരണ പദ്ധതി നടപ്പിലാക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്വയർമെന്റ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് യാതൊരു പങ്കും ഇല്ലാത്തതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഇത്രയും വലിയ പദ്ധതി വാർഡ് മെമ്പർമാരുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കി എന്ന വാദവും വിശ്വസനീയമല്ല. ടിയാൻ സൂചിപ്പിച്ചിട്ടുള്ള 54524/ബി3/06/തസ്വഭവ തീയതി 09.02.2007 എന്ന സർക്കുലർ ലഭ്യമായിട്ടില്ലാത്തതുമാണ്. 2007-ൽ ഗ്രാമപഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ പി.ഡബ്ല്യു.ഡി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് നടത്തിയിരുന്നത്. അടിയന്തിര ഘട്ടങ്ങളിൽ ഉള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ആവശ്യമില്ലെങ്കിലും 32 കുഴൽ കിണറുകൾ പുനരുദ്ധരിച്ചപ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് ഒരിക്കലും ക്രമപരമായി കണക്കാക്കാവുന്നതല്ല. കേരള പബ്ലിക് വർക്ക്സ് മാന്വൽ 1977 ലെ 10.2.28, 10.2.3 എന്നിവ പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല. വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഗ്രാമപഞ്ചായത്തിലെ റിക്കാർഡുകൾ പരിശോധനയ്ക്കായി ഏറ്റെടുത്തതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫയലുകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീ. ഐ. അലിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ശ്രീ. ഐ. അലിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഐ. അലിയ്ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
2. ശ്രീ. ഐ. അലി, മുൻ സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/289/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ